# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6296 08.07.2014-ൽ മറുപടിയ്ക്ക്

### കടകംപള്ളി ഭൂമി തട്ടിപ്പ് കേസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. കെ. ബാലൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| എ) കടകംപള്ളി ഭൂമി തട്ടിപ്പ് കേസ്സ് അന്വേഷണം സി.ബി.ഐ. ഏറ്റെടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് സി.ബി.ഐ. അന്വേഷണം ഏറ്റെടുത്തത് ; | (എ) കടകംപള്ളി ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് 24.04.2014-ൽ RC 4(E)/2014/CBI/SCB/TVPM നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് സി.ബി.ഐ. അന്വേഷണം ആരംഭിച്ചിട്ടുണ്ട്. |
| ബി) അന്വേഷണത്തിന് ആവശ്യമായ സൗകര്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് സി.ബി.ഐ. സംസ്ഥാന ഗവൺമെന്റിന് കത്തുകൾ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കത്തുകൾ നൽകി ; ഓരോ കത്തിലെയും ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു ;<br><br>സി) പ്രസ്തുത കത്തുകൾ പ്രകാരം എന്തെല്ലാം സൗകര്യങ്ങളാണ് സംസ്ഥാന ഗവൺമെന്റ് സി.ബി.ഐ. യ്ക്ക് നൽകിയത് ; എന്നാണ് ഇവ നൽകിയത് ; | (ബി) & (സി)<br><br>അന്വേഷണത്തിന് ആവശ്യമായ സൗകര്യങ്ങൾ ആവശ്യപ്പെട്ട് സി.ബി.ഐ. യിൽ നിന്ന് രണ്ട് കത്തുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. കേസന്വേഷണത്തിനായി തിരുവനന്തപുരത്തും, എറണാകുളത്തും ഓഫീസും അനുബന്ധ സൗകര്യങ്ങളും, വാഹനവും പോലീസ്/വിജിലൻസ്/റവന്യൂ/സർവ്വേ/രജിസ്ട്രേഷൻ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സേവനം ആവശ്യമായ സമയത്ത് വിട്ടു നല്കണമെന്നുമാണ് സി.ബി.ഐ. ആവശ്യപ്പെട്ടിരുന്നത്. ആവശ്യപ്പെട്ട എല്ലാ സൗകര്യങ്ങളും സമയബന്ധിതമായി സർക്കാർ നല്കിയിട്ടുണ്ട്. |
| ഡി) ഗവൺമെന്റ് സൗകര്യങ്ങൾ നൽകുന്നില്ലെന്ന് പരാതിപ്പെട്ട് സി.ബി.ഐ. ഹൈക്കോടതിയിൽ ഹർജി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എപ്പോഴാണ് ഇത് ശ്രദ്ധയിൽപ്പെട്ടത് ; എന്നാണ് സി.ബി.ഐ. ഹർജി നൽകിയത് ;<br><br>ഇ) ഇക്കാര്യത്തിൽ എന്തു മറുപടിയാണ് സർക്കാർ കോടതിയിൽ നൽകിയത് ? | (ഡി) & (ഇ)<br><br>ഇക്കാര്യം ഉന്നയിച്ചുകൊണ്ടുള്ള സി.ബി.ഐ. ഹർജി ഹൈക്കോടതി മുമ്പാകെ വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ